**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2247** **30-09-2025 - ൽ മറുപടിയ്ക്ക്**

**കുട്ടനാട് പുളിങ്കുന്ന് താലൂക്ക് ആശുപത്രിയുടെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കുട്ടനാട് പുളിങ്കുന്ന് താലൂക്ക് ആശുപത്രിയുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ; | (എ) | കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 144.06 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്ന കുട്ടനാട് പുളിങ്കുന്ന് താലൂക്ക് ആശുപത്രിയുടെ ഡി.പി.ആർ അംഗീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഡി.പി.ആർ അംഗീകരിച്ച് ധനാനുമതി ലഭ്യമാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തികൾ നടത്തുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | പ്രസ്തുത ആശുപത്രിയിൽ എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | താലൂക്കാശുപത്രി സ്റ്റാൻഡേർഡൈസേഷൻ അനുസരിച്ചുള്ള സ്പെഷ്യാലിറ്റി സൗകര്യങ്ങൾ (ഡയാലിസിസ് സംവിധാനം ഉൾപ്പെടെ) ഉണ്ടാകുന്നതാണ്. 24 മണിക്കൂറും പ്രവർത്തിക്കുന്ന അത്യാഹിത വിഭാഗം, ലാബ്, ഡെന്റൽ ലാബ് സൗകര്യങ്ങൾ, സി.എസ്.എസ്.ഡി ലാബ്, എക്സ്റേ യൂണിറ്റ്, അത്യാധുനിക ഓപ്പറേഷൻ തീയേറ്റർ, സ്കാനിംഗ്, ഐ.സി.യു, മെഡിക്കൽ റിക്കോർഡ്സ് തുടങ്ങിയ സൗകര്യങ്ങളും ലഭ്യമാകുന്നതാണ്. |
| (സി) | പ്രസ്തുത ആശുപത്രിയിൽ എല്ലാ ആധുനിക സൗകര്യങ്ങളും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദമാക്കുമോ? | (സി) | മറുപടി പിരിവ് ബി യിൽ ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ